LIBRARY ARCHIVES Kerala Legislative Assembly

കാർഷിക രംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്നവർക്ക് കൃഷി സ്ഥലം നൽകാൻ തീരുമാനം

292 (1733) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്ന കമ്പനികൾക്കും വ്യക്തികൾക്കും കൃഷിസ്ഥലം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലം നൽകുന്നത് ഏത് മാനദണ്ഡമനുസരിച്ചാണ് ;

(സി) ഇതിനായി പ്രത്യേകം സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) വ്യക്തികളെയും കമ്പനികളെയും തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) കാർഷിക രംഗത്ത് നിക്ഷേപത്തിനൊരുങ്ങുന്ന കമ്പനികൾക്കും വ്യക്തികൾക്കും കൃഷി സ്ഥലം നൽകുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല

മാവേലിക്കരയിൽ ഹൈടെക്ക് പച്ചക്കറിയുല്പാദന യൂണിറ്റ്

293 (1734) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ VFPCK-യുടെ ഹൈടെക്ക് പച്ചക്കറിയുത്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ ; ഇതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ബി) ഈ യൂണിറ്റ് ആരംഭിക്കുന്നില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഏതു കമ്പനിക്കാണ് യൂണിറ്റ് ആരംഭിക്കുവാൻ അനുമതി നൽകിയത് ; ടെൻഡറിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തിരുന്നു ; ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ടെണ്ടർ നടപടിക്രമങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; ഈ പദ്ധതിക്ക് ഭൂമി കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ ; ടെൻഡറിനായി കമ്പനികളെ ക്ഷണിച്ചതിന്റെയും പരസ്യം നൽകിയതിന്റെയും തീയതികളും വിശദാംശങ്ങളും ലഭ്യമാക്കുമോ ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ടെണ്ടർ അംഗീകരിച്ച യോഗത്തിന്റെ മിനിട്സും, തീരുമാനങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ ;

(ഇ) ടെണ്ടർ അംഗീകരിച്ചതിനുശേഷം കമ്പനിയുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഇത്തരം ടെണ്ടറുകൾ നടത്തുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; ഈ പദ്ധതിയുടെ ടെൻഡറിൽ, മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഇളവുവരുത്തിയിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ടെണ്ടർ മാനദണ്ഡങ്ങൾ ഇളവുവരുത്തിയതിന്റെ അറിയിപ്പുകളോ പകർപ്പുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ; 2014-15-ൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ കുറെ ആൾക്കാർ ചേർന്ന് പ്രവർത്തനം തടസ്സപ്പെടുത്തിയിരിക്കുകയാണ്.

(സി) ഷീൽ ബയോടെക്, ന്യൂഡൽഹി എന്ന കമ്പനിയ്ക്കാണ് ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയത്. ഹൈടെക് പച്ചക്കറി ഉല്പാദന യൂണിറ്റ് നിർമ്മിക്കുന്നതിനായി കമ്പനികളെ തെരഞ്ഞെടുക്കുന്നതിനായി സർക്കാരിന്റെ ഇ-ടെണ്ടർ പോർട്ടൽ വഴി 5-2-2014-ൽ ഇ-ടെണ്ടർ നൽകിയപ്പോൾ ഷീൽ ബയോടെക് എന്ന കമ്പനി മാത്രമാണ് പങ്കെടുത്തത്. ടെണ്ടറിന്റെ വിശദാംശങ്ങൾ അനുബന്ധം 5-ആയി ചേർത്തിരിക്കുന്നു.* താല്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള പത്ര പരസ്യം നൽകിയപ്പോൾ രണ്ട് കമ്പനികൾ മാത്രമാണ് താല്പര്യ പത്രം നൽകിയത്. പത്ര പരസ്യത്തിന്റെ പകർപ്പ് അനുബന്ധം 1-ആയും ഭൂമി കൈമാറിയതിന്റെ രേഖകളുടെ പകർപ്പ് അനുബന്ധം 2-ആയും ചേർത്തിരിക്കുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിവുള്ള കമ്പനികൾ കുറവാണ് എന്ന് തിരിച്ചറിഞ്ഞതിനാൽ വെജിറ്റബിൾ & ഫ്രൂട്ട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷൻ കൗൺസിൽ കേരള ബോർഡിന്റെ തീരുമാന പ്രകാരം ഷീൽ ബയോടെക്, ന്യൂഡൽഹി എന്ന കമ്പനിയുടെ ടെണ്ടർ സ്വീകരിച്ച് വർക്ക് ഓർഡർ നൽകുകയായിരുന്നു.

(ഡി) ടെണ്ടർ അംഗീകരിച്ച യോഗങ്ങളുടെ മിനിട്സും തീരുമാനങ്ങളുടെ പകർപ്പും അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.*

(ഇ) എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധം നാലായി ചേർത്തിരിക്കുന്നു. ഇ-ടെണ്ടർ മുഖേനയാണ് നൽകുവാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഇളവുകളൊന്നും നൽകിയിട്ടില്ല. നെഗോസിയേഷൻ ടെണ്ടർ തുകയിൽ നിന്ന് 15 ലക്ഷം രൂപ കുറവ് വരുത്തുകയാണുണ്ടായത്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രധാന പദ്ധതികളും ചെലവായ തുകയും ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതി		തുക (ലക്ഷത്തിൽ)
1.	മൈക്രോ ഇറിഗേഷൻ		0.35,587
2.	കുട്ടനാട് പാക്കേജ്		46.175
3.	സുസ്ഥിര നെൽകൃഷി വികസനം		83.8437
4.	ആർ.കെ.വി.വൈ.		57.98
5.	സി.ഡി.ബി.		8.5
6.	ഭക്ഷ്യ സുരക്ഷ		4.81258
7.	അഗ്രോ സർവ്വീസ് സെന്റർ		0.43,852
8.	ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്		2.19,872
9.	പച്ചക്കറി വികസനം		45.14,044
10.	സോയിൽ ഹെൽത്ത്		0.14
11.	കാർഷിക വിജ്ഞാന വ്യാപനം		2.53,64
		ആകെ	252.12,123

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2014-15 വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ :

1. കുട്ടനാട് പാക്കേജ്
2. സുസ്ഥിര നെൽകൃഷി വികസനം
3. ആർ.കെ.വി.വൈ.
4. സി.ഡി.ബി.
5. അഗ്രോ സർവ്വീസ് സെന്റർ
6. സ്പൈസസ് ഡവലപ്പ്മെന്റ്
7. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
8. പച്ചക്കറി വികസനം
9. സോയിൽ ഹെൽത്ത്
10. കാർഷിക വിജ്ഞാന വ്യാപനം

കാർഷിക രംഗത്തെ ആധുനികവത്ക്കരണം

294 (1735) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികരംഗത്തെ ആധുനികവത്ക്കരണത്തിനു നടപടി സ്വീകരിക്കുമോ ;

(ബി) കാർഷിക ഗവേഷണസ്ഥാപനങ്ങൾവഴി നാടൻ വിത്തിനങ്ങൾ സംരക്ഷിക്കുമോ ;

(സി) ഔഷധ കൃഷിയെ വാണിജ്യവത്ക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആധുനിക കാർഷിക സങ്കേതങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും അവ വ്യാപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 2012-13 സാമ്പത്തിക വർഷം മുതൽ ഹൈടെക് അഗ്രിക്കൾച്ചർ പദ്ധതി നടപ്പിലാക്കി വരികയാണ്

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.